# 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി തയ്യാറാക്കിയ ചോദ്യാവലി

കേരള സംസ്ഥാനത്ത് കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കേണ്ടതും അവയുടെ ഉൽപാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കി തീറ്റവസ്തുക്കളിലെ മായം ചേർക്കൽ തടയേണ്ടതും അനിവാര്യമാണ്.

കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, അനുബന്ധ തീറ്റകൾ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണം, സംഭരണം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിലൂടെ സംസ്ഥാനത്തെ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ തീറ്റ ലഭ്യത ഉറപ്പുവരുത്തുന്നതിനും കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, അനുബന്ധ തീറ്റകൾ, ധാതുലവണമിശ്രിതം എന്നിവയിലെ മായം കലർത്തലും മിസ്ബ്രാൻഡിംഗും തടയുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് ബിൽ രൂപപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 128-ാം നമ്പർ ബില്ലായി 2022 ആഗസ്റ്റ് 17-ാം തീയതിയിലെ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2022 ആഗസ്റ്റ് 24-ാം തീയതി ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ബിൽ സംബന്ധിച്ച് സൂക്ഷ്മപഠനം നടത്തി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സഭ അയയ്ക്കുകയും ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി ബില്ലിലെ വ്യവസ്ഥകൾ

സംബന്ധിച്ച് കർഷക സംഘടനകൾ, കന്നുകാലി കർഷകർ, ഫാം നടത്തിപ്പുകാർ, ഈ മേഖലയിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും/നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് സെലക്ട് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആയതിലേക്കായി തയ്യാറാക്കിയ ചോദ്യാവലി ചുവടെ ചേർക്കുന്നു.

## ചോദ്യാവലി

1. 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണോ? എന്തെങ്കിലും ഒഴിവാക്കൽ/കൂട്ടിചേർക്കൽ ആവശ്യമാണോ?

2. ബില്ലിന്റെ 2-ാം ഖണ്ഡത്തിലെ നിർവ്വചനങ്ങളിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ വ്യക്തതയോ ആവശ്യമാണോ ? ഉണ്ടെങ്കിൽ വ്യക്തമാക്കുക.

3. ബില്ലിന്റെ 3 ഉം 4 ഉം ഖണ്ഡങ്ങളിലെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയിൽ ഉപയോഗിക്കേണ്ടതായി പറയുന്ന ചേരുവകളിൽ മാറ്റം വരുത്തേണ്ടതുണ്ടോ ?

4. ബില്ലിന്റെ 5-ാം ഖണ്ഡത്തിലെ കന്നുകാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ നിർമ്മാണത്തിനും വിൽപനയ്ക്കുമുള്ള ലൈസൻസ്, ലൈസൻസ് പുതുക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമുണ്ടോ ? ഉണ്ടെങ്കിൽ വിശദമാക്കുക. ?

5. ബില്ലിന്റെ 10-ാം ഖണ്ഡത്തിൽ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച അധികാരങ്ങൾ പര്യാപ്തമാണോ ?അതോ മാറ്റം വരുത്തേണ്ടതുണ്ടോ ? ഉണ്ടെങ്കിൽ ഏതെല്ലാമാണ് ?

6. ബില്ലിന്റെ 11-ാം ഖണ്ഡത്തിലെ ലൈസൻസിംഗ് അതോറിറ്റിയുടെ അധികാരങ്ങൾ സംബന്ധിച്ച് വ്യവസ്ഥകളിൽ കൂടുതൽ അധികാരങ്ങൾ ആവശ്യമാണോ ? ഉണ്ടെങ്കിൽ വിശദമാക്കുക.

7. ബില്ലിന്റെ 12-ാം ഖണ്ഡത്തിൽ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അധികാരങ്ങളിൽ ഭേദഗതി ആവശ്യമുണ്ടോ ? എങ്കിൽ എന്തെല്ലാമാണ് ?

8. ബില്ലിന്റെ 13-ാം ഖണ്ഡത്തിലെ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അധികാരങ്ങൾ പര്യാപ്തമാണോ ? കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ ആവശ്യമാണോ ?

9. ബില്ലിലെ ഖണ്ഡം 14-ലെ പരിശോധനാ ലബോറട്ടറികൾ സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുക.

10. ബില്ലിലെ 15-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന സാമ്പിളിംഗിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച് ഭേദഗതികൾ ആവശ്യമുണ്ടോ ? ഉണ്ടെങ്കിൽ വിശദമാക്കുക.

11. ബില്ലിന്റെ 16-ാം വകുപ്പിൽ പ്രതിപാദിക്കുന്ന സാമ്പിളിംഗിന്റെ പരിശോധന സംബന്ധിച്ച് ഭേദഗതി ആവശ്യമുണ്ടോ ?

12. ബില്ലിന്റെ 20-ാം ഖണ്ഡത്തിൽ നിഷ്കർഷിക്കുന്ന ശിക്ഷാ നടപടികൾ സംബന്ധിച്ച വ്യവസ്ഥകൾ പര്യാപ്തമാണോ ? അപ്പീൽ നടപടികളിൽ ഭേദഗതി ആവശ്യമുണ്ടോ?

13. ബില്ലിന്റെ 22-ാം ഖണ്ഡത്തിൽ കോടതിയാൽ വിചാരണ ചെയ്യേണ്ട കുറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തേണ്ടതുണ്ടോ ?

14. ബില്ലിന്റെ 27-ാം ഖണ്ഡത്തിലെ സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അധികാരങ്ങൾ സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുക.

15. ബില്ലിന്റെ 26-ാം ഖണ്ഡത്തിൽ പറയുന്ന സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ഘടനയിലും അധികാരങ്ങളിലും മാറ്റം ആവശ്യമുണ്ടോ ?

16. ബില്ലിന്റെ 29-ാം വകുപ്പിൽ പറയുന്ന റിട്ടേണുകൾ സമർപ്പിക്കുന്നതിന്റെ സമയപരിധി ക്ലിപ്തപ്പെടുത്തേണ്ടതുണ്ടോ ?

17. ഈ ചോദ്യാവലിയിൽ പരാമർശിക്കാത്ത മറ്റ് ഖണ്ഡങ്ങളിൽ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരമാവധി ചുരുക്കി സമർപ്പിക്കുക.

2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ, ചോദ്യാവലി എന്നിവ www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച് താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, (0471-2512020) നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടറിയറ്റ്, തിരുവനന്തപുരം - 33 എന്ന മേൽവിലാസത്തിൽ തപാലിലോ email id : legislation@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിലോ 2023 ജനുവരി 10-ാം തീയതിക്കു മുമ്പായി ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

എ. എം. ബഷീർ,
സെക്രട്ടറി,
കേരള നിയമസഭ.